**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 61** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് അംബേദ്കർ ഗ്രാമം പദ്ധതി 2016-17 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന പട്ടികജാതി ഗ്രാമങ്ങളിൽ ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങളാണ് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്. 2016-17 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെ 800 ഗ്രാമങ്ങളെ ടി പദ്ധതിയിലേക്ക് തെരഞ്ഞെടുത്തിട്ടുള്ളതിൽ 428 ഗ്രാമങ്ങളുടെ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 73 ഗ്രാമങ്ങളെ കൂടി ടി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്.<br><br>കോർപ്പസ് ഫണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തിയും ത്രിതല ഗ്രാമ പഞ്ചായത്തുകളുടെ പട്ടികജാതി വിഹിതം ഉപയോഗിച്ചും പട്ടികജാതി ഗ്രാമങ്ങളിലെ വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | പതിനഞ്ചിൽ താഴെ മാത്രം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളുടെ അടിസ്ഥാനസൗകര്യ വികസനം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (ബി) | അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം സംസ്ഥാനത്തെ അസംബ്ളി നിയോജക മണ്ഡലങ്ങളിൽ ഭൂരിഭാഗം പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും കുറഞ്ഞത് 25 പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ ഗ്രാമങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. കുടുംബങ്ങളുടെ എണ്ണം 25 ൽ കുറവുള്ള ഗ്രാമങ്ങൾ / നഗറുകൾ ഉൾപ്പെടുത്തേണ്ടുന്ന സാഹചര്യത്തിൽ അതേ വാർഡിലെയോ തൊട്ടടുത്ത വാർഡിലെയോ ഭൂമി ശാസ്ത്രപരമായി ചേർക്കാവുന്ന ഒരു നഗറിനെ കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 25 കുടുംബങ്ങളുടെ ക്ലസ്റ്ററുകളായി പദ്ധതി നടപ്പിലാക്കാവുന്നതും പരാമവധി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കാവുന്നതുമാണ്. ഇത്തരത്തിൽ നിർദ്ദേശിക്കപ്പെടുന്ന നഗറുകളിലെ ഗുണഭോക്താക്കളുടെ എണ്ണം 25-ൽ കുറവും ക്ലസ്റ്ററായി നടപ്പിലാക്കാനും കഴിയാത്ത സാഹചര്യമാണെങ്കിൽ ആനുപാതികമായി തുക കുറവ് ചെയ്ത് DPR തയ്യാറാക്കി പദ്ധതി നടപ്പിലാക്കേണ്ടതാണ്. ഇതിനായി കുടുംബങ്ങളുടെ എണ്ണം 20-24 വരെയാണെങ്കിൽ 75 ലക്ഷം രൂപയും, 15-19 വരെയാണെങ്കിൽ 50 ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണ്.<br><br>ശിപാർശ ചെയ്യുന്ന നഗറിലെ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം 15ൽ താഴെയാണെങ്കിൽ അത്തരം നഗറുകളെ ക്ലസ്റ്ററിന്റെ ഭാഗമായി ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കാൻ സാധിക്കും. |
| (സി) | എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) | അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടുത്താം.<br><br>I. ഗ്രാമങ്ങൾക്കുള്ളിലെ റോഡ്/ നടപ്പാത.<br><br>ii. കുടിവെള്ള വിതരണം-ഓരോ വീട്ടിലും ഗാർഹിക കണക്ഷൻ ലഭ്യമാക്കി കുടിവെള്ള വിതരണം ഉറപ്പാക്കേണ്ടതാണ്. ജൽ ജീവൻ മിഷൻ ഉൾപ്പെടെയുള്ള കുടിവെള്ള പദ്ധതികൾ ഉള്ളയിടങ്ങളിൽ ഒഴിവാക്കേണ്ടതാണ്.<br><br>iii. തെരുവ് വിളക്കുകൾ സ്ഥാപിക്കൽ.<br><br>iv. ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ (കമ്മ്യൂണിറ്റി ഹാൾ/ ലൈബ്രറി)<br><br>v. ഗ്രാമത്തിലെ ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ.<br><br>vi. ഭവന പുനരുദ്ധാരണം<br><br>vii. ടോയ്‌ലറ്റ് നിർമ്മാണം/ ഉപയോഗയോഗ്യമാക്കൽ<br><br>viii. വിജ്ഞാനവാടി നിർമാണം/ മെയിന്റനൻസ്.<br><br>ix. ഗ്രാമത്തിനുള്ളിലെ പൊതു ആസ്തികളുടെ മെയിന്റനൻസ്.<br><br>x. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (കളിസ്ഥലം, കാവ്, കുളം ഉൾപ്പെടെ)<br><br>xi. സംരക്ഷണ ഭിത്തി നിർമ്മാണം (മണ്ണിടിച്ചിൽ ഭീഷണിയുള്ള സാഹചര്യത്തിൽ മാത്രം) |

| | | | |
|---|---|---|---|
| | | | xii. കിണർ നവീകരണം<br><br>xiii. ഭവന വൈദ്യുതീകരണം<br><br>xiv. സാംസ്കാരിക നിലയം, വായനശാല എന്നിവയുടെ നിർമ്മാണം/നവീകരണം. |

സെക്ഷൻ ഓഫീസർ